# പതിനഞ്ചാം കേരള നിയമസഭ
# ഒന്നാം  സമ്മേളനം
# ബഹു സ്പീക്കറുടെ റൂളിംഗ്

01-06-2021

## (1) മേശപ്പുറത്തുവയ്ക്കുന്ന കടലാസ്സുകൾ പുതുതായി മേശപ്പുറത്ത് വയ്ക്കണമെന്നത് സംബന്ധിച്ച്

2021 ജൂൺ 1-ാം തീയതി, മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ പരിഗണിക്കുന്നതിനുമുമ്പായി 14-ാം കേരള നിയമസഭ പിരിച്ചുവിട്ടതോടുകൂടി പ്രസ്തുത കാലയളവിൽ മേശപ്പുറത്തുവച്ചതും, നിശ്ചിത കാലാവധി പൂർത്തിയാക്കാൻ സാധിക്കാതിരുന്നതുമായ വിജ്ഞാപനങ്ങൾ വീണ്ടും സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനുപകരം പുതുതായി ലേ ചെയ്യുകയാണ് വേണ്ടതെന്നും ആയതിനാൽ ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ വീണ്ടും മേശപ്പുറത്ത് വയ്ക്കുന്നതായി കാണിച്ചിട്ടുള്ള വിജ്ഞാപനങ്ങൾ ബന്ധപ്പെട്ട മന്ത്രിമാർ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്ന പേപ്പറുകളോടൊപ്പം ഉൾപ്പെടുത്തണമെന്നും അതിനുള്ള റൂളിംഗ് നൽകണമെന്നും പ്രതിപക്ഷനേതാവ് ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി*.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 166 (2) പ്രകാരം 'നിർദ്ദിഷ്ട കാലാവധി (14 ദിവസം) പൂർത്തിയാക്കാത്ത പക്ഷം

അപ്രകാരമുള്ള റെഗുലേഷനുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലോകൾ മുതലായവ പ്രസ്തുത കാലയളവ് പൂർത്തിയാകുന്നതുവരെ തൊട്ടടുത്ത സമ്മേളനത്തിലോ, സമ്മേളനങ്ങളിലോ വീണ്ടും വയ്ക്കേണ്ടതാണ് ' എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഇന്നത്തെ കാര്യവിവരപ്പട്ടികയിലെ രണ്ടാമത്തെ ഇനമായി സഭയുടെ മേശപ്പുറത്ത് വയ്ക്കുന്ന കടലാസ്സുകളുടെ പട്ടികയിൽ നിന്നും 'വീണ്ടും മേശപ്പുറത്ത് വയ്ക്കുന്നു' എന്ന പരാമർശം നീക്കം ചെയ്യുന്നതായും ബഹുമാനപ്പെട്ട മന്ത്രിമാർ വയ്ക്കുന്ന മറ്റ് രേഖകളുടെ കൂട്ടത്തിൽ പ്രസ്തുത രേഖകളും പുതുതായി മേശപ്പുറത്ത് വയ്ക്കുന്നതായി പരിഗണിക്കുന്നതാണ്.